# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1259/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1259/21 തീയ്യതി: 23/12/2021

## കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2020 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 23-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 23-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ,, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വനജ മാടത്താങ്കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. രാജൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. മിനി. കെ വി. | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. എൻ. അനിൽകുമാർ | സെക്രട്ടറി | 01-04-2020 | 11-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ഷംന. കെ. വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷംന. കെ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ധർമ്മരാജൻ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 29-05-2020 |
| ശ്രീ. ഇബ്ന മഷൂദ്. എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 30-05-2020 | 06-07-2020 |
| ശ്രീ. മഹേഷ് കുമാർ. എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 07-07-2020 | 14-02-2021 |
| ശ്രീ. ഇബ്ന മഷൂദ്. എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 15-02-2021 | 31-03-2021 |
| ശ്രീമതി. സ്മിത. കെ.ഒ. | കൃഷി ഓഫീസർ | 01-04-2020 | 02-08-2020 |
| ഡോ. ജസ്ന മരിയ. പി. എൻ | കൃഷി ഓഫീസർ | 03-08-2020 | 09-12-2020 |
| ശ്രീമതി. സംഗീത. എസ്. എസ്. | കൃഷി ഓഫീസർ | 10-12-2020 | 16-12-2020 |
| ഡോ. ജസ്ന മരിയ. പി. എൻ | കൃഷി ഓഫീസർ | 17-12-2020 | 07-02-2021 |
| ശ്രീമതി. രാജശ്രീ. കെ. | കൃഷി ഓഫീസർ | 08-02-2021 | 31-03-2021 |
| ശ്രീ. വിജിൽ. വി. | വി.ഇ.ഒ. കീഴല്ലൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രീയജ. സി. കെ, | വി.ഇ.ഒ. എടയന്നൂർ | 01-04-2020 | 28-02-2021 |
| ശ്രീ. ശ്രീജിത്ത്. വി. കെ. | വി.ഇ.ഒ. എടയന്നൂർ | 01-03-2021 | 31-03-2021 |
| ഡോ. രജിഷ. പി.എം. | മെഡിക്കൽ ഓഫീസർ PHC | 01-04-2020 | 31-03-2021 |
| ഡോ. സ്മിജ. എ. പി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. അമൃദ. എം | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. നിർമ്മൽ ചാക്കോ. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. ശ്രീകുമാർ. ജി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. ബിനു സുധാകർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സരിത. കെ. വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 03-09-2020 |

| | | | |
|---|---|---|---|
| ശ്രീ. റിജുൽ രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 04-09-2020 | 31-03-2021 |
| ശ്രീമതി ശേഭന പട്ടത്താരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി ഗീത കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2020 | 06-11-2020 |
| ശ്രീമതി അരുൺ രേണുക ദേവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 07-11-2020 | 10-11-2021 |
| ശ്രീമതി ഗീത കുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-11-2020 | 31-03-2021 |

നിർവ്വഹണാധികാരികൾ : സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ (12-11-2020 മുതൽ 20-12-2020 വരെ) - ഭരണനിർവ്വഹണ സമിതി

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Jyothish Kumar (Audit Officer (HG), On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 28-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-12-2021) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shiju A (Asst. Audit Officer, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-12-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Albert Jose (Senior Grade Auditor, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-12-2021) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Jyothish Kumar (Audit Officer (HG), On 27-10-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 27-10-2021) | 1-10 |
| 13 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-11 |
| 14 | വാടക കുടിശ്ശിക – കുടിശ്ശിക ഈടാക്കി മുറി പുനർലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Vanaja Madathankandi (Senior Grade Auditor, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-12-2021) | 1-12 |
| 15 | ഗുണഭോക്തൃ വിഹിതം പിരിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥർക്കും രശീതി ബുക്കുകൾ നല്കുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-13 |
| 16 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ഇതുവരെയും ലഭിച്ചിട്ടില്ല | 1-14 |

| | | |
|---|---|---|
| | Written By: Jyothish Kumar (Audit Officer (HG), On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | |
| 17 | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയുടെയും മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Jyothish Kumar (Audit Officer (HG), On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-12-2021) | 1-15 |
| 18 | എസ്എസ്എ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ -രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-16 |
| 19 | ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-12-2021) | 1-17 |
| 20 | തുടർസാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ അംഗീകരിച്ചില്ല. ചെലവ് തുക ₹48250/- തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-12-2021) | 1-18 |
| 21 | കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് പ്രവൃത്തി - പദ്ധതി പൂർത്തീകരണ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല<br>Written By: Albert Jose (Senior Grade Auditor, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-12-2021) | 1-19 |
| 22 | കെ എസ് ഇ ബി ഡിപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Albert Jose (Senior Grade Auditor, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-20 |
| 23 | വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ - മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഹാജരാക്കേണ്ടതാണ്<br>Written By: Shiju A (Asst. Audit Officer, On 01-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-21 |
| 24 | കന്നുകുട്ടി പരിപാലനം (SLBP)- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Shiju A (Asst. Audit Officer, On 01-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 27-10-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 27-10-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 21-10-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 21-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 21-10-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 21-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 02-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 23-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT AND PAYMENT STATEMENT OF KEEZHALLUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021 | |
| 4 | INCOME AND EXPENDITURE STATEMENT OF KEEZHALLUR GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021 | |
| 5 | BALANCE SHEET OF KEEZHALLUR GRAMA PANCHAYAT AS ON 31-3 -2021 | |

# ഭാഗം -1

## 1-1 ബജറ്റ്

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21ലെ ബജറ്റ് 25-3-2020 ലെ 34/20-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 24092572 |
| വരവ് | 126008150 |
| ആകെ | 150100722 |
| ചെലവ് | 138277125 |
| നീക്കിയിരിപ്പ് | 11823597 |

## 1-1-1 പുതുക്കിയ ബജറ്റ്

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21ലെ പുതുക്കിയ ബജറ്റ് 22-2-2021 ലെ 18/21-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 44628205 |
| വരവ് | 174978372 |
| ആകെ | 219606577 |
| ചെലവ് | 193354185 |
| നീക്കിയിരിപ്പ് | 26252392 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2021 | 30-6-2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

1)B-11 ഷെഡ്യൂളിന് അനുസൃതമായി ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2)B-11 ഷെഡ്യൂളിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ആസ്തിമൂല്യം അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 51921179 |
| വരവ് | 73087327 |

| | |
|---|---|
| ആകെ | 125008506 |
| ചെലവ് | 66445803 |
| നീക്കിയിരിപ്പ് | 58562703 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 48250 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 9699975 | 9699975 | 9605546 | 94429 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 930000 | 930000 | 858653 | 71347 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 183000 | 183000 | 180576 | 2424 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് - | 0 | 4080000 | 4080000 | 2012556 | 2067444 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് - | 0 | 7218392 | 7218392 | 5193564 | 2024828 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 5661000 | 5661000 | 5661000 | 0 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 3451732 | 3451732 | 2008037 | 1443695 |
| തൊഴിലുറപ്പ് പദ്ധതി – ഭരണചെലവുകൾ | 133208 | 1141792 | 1275000 | 823763 | 451237 |
| തൊഴിലുറപ്പ് പദ്ധതി – ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 38130270 | 38130270 | 38130270 | 0 |
| സാക്ഷരത | 20997 | 659 | 21656 | 417 | 21239 |
| ടോട്ടൽ സാനിറ്റേഷൻ | 800000 | 0 | 800000 | 0 | 800000 |
| പൂരക പോഷകാഹാരം | 941991 | 659090 | 1601081 | 936747 | 664334 |
| ശുചിത്വ മിഷൻ | 518474 | 1975312 | 2493786 | 435794 | 2057992 |
| വിമുക്തി | 11240 | 0 | 11240 | 0 | 11240 |
| പ്രത്യേക ഗ്രാന്റുകൾ | 35000 | 61560 | 96560 | 61560 | 35000 |
| ജോയിന്റ് വെഞ്ചർ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് | 500000 | 527500 | 1027500 | 1027500 | 0 |
| ജോയിന്റ് വെഞ്ചർ പ്രോജക്ട് ജില്ലാ പഞ്ചായത്ത് | 0 | 1323507 | 1323507 | 1323507 | 0 |
| കില | 0 | 8650 | 8650 | 6875 | 1775 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | 119565 | 1197095 | 1316660 | 1221798 | 94862 |
| കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | - | 4140000 | 4140000 | 4140000 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ ₹ | (എണ്ണം) | ചെലവ് ₹ | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 184 | 83646238 | 148 | 48077442 | 102 | 36 | 25 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 38 | 31 | 17156208 | 10837956 | 63.17 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 1850200 | 1001866 | 54.15 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 53 | 37254665 | 20247054 | 54.35 |
| 4 | കൃഷി ഓഫീസർ | 17 | 15 | 5375370 | 2593890 | 48.26 |
| 5 | വി.ഇ.ഒ. കീഴല്ലൂർ | 5 | 4 | 2669000 | 1261425 | 47.26 |
| 6 | എൽ.വി.ഇ.ഒ. എടയന്നൂർ | 11 | 11 | 5472400 | 1759336 | 32.15 |
| 7 | മെഡിക്കൽ ഓഫീസർ PHC | 5 | 5 | 1495000 | 1022774 | 68.41 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 925000 | 920870 | 99.55 |
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| 10 | വെറ്റിനറി സർജൻ | 9 | 9 | 1805000 | 1140222 | 63.17 |
| 11 | ഹെഡ് മാസ്റ്റർ | 8 | 4 | 662200 | 368090 | 55.59 |
| 12 | ICDS സൂപ്പർവൈസർ | 3 | 2 | 3776195 | 3193847 | 84.58 |
| 13 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 2 | 2 | 4605000 | 3230112 | 70.14 |
| 14 | ക്ഷീര വികസന ഓഫീസർ | 1 | 1 | 400000 | 300000 | 75 |
| | ആകെ | 184 | 148 | 83646238 | 48077442 | 57.48 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 133208 | 1141792 | 1275000 | 823763 | 451237 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 38130270 | 38130270 | 38130270 | 0 |
| ആകെ | 133208 | 39272062 | 39405270 | 38954033 | 451237 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 7 | 5760 |
| കർഷകതൊഴിലാളി പെൻഷൻ | 482 | 7562200 |
| വിധവാ പെൻഷൻ | 644 | 9667900 |
| വാർദ്ധക്യകാല പെൻഷൻ | 1398 | 19099500 |
| വികലാംഗ പെൻഷൻ | 229 | 3417600 |
| അവിവാഹിത പെൻഷൻ | 151 | 2309500 |
| വിവാഹ ധനസഹായം | 6 | 180000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-10-2021 ന് 4.15 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,810 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## 1-10 ഗ്രാമ സഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പതിനാല് വാർഡുകളിലും തൻവർഷം 2/2021 ൽ ഒരു തവണ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്.

## 1-11 തൊഴിൽ നികുതി - അപാകങ്ങൾ

2020-21 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1. ഹയർ സെക്കന്ററി സ്കൂൾ സെക്ഷൻ, ഗവ. എച്ച്.എസ്.എസ്, എടയന്നൂർ - ക്രമ നമ്പർ 17, നിത്യ ടി പി 13-11-2020 ന് റിലീവ് ചെയ്തു എന്ന് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ഒന്നാം അർദ്ധ വർഷത്തെ നികുതി ഒടുക്കിയിട്ടില്ല.

2. തൊഴിൽനികുതി രജിസ്റ്റർ പൂർണ്ണമല്ല – രജിസ്റ്ററിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇവർ നികുതി ഒഴിവുള്ളവരാണോ, സ്ഥലംമാറി പോയതാണോ എന്ന വിവരങ്ങളൊന്നും ചേർക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള വാട്ടർ സപ്ലൈ സെക്ഷൻ, കീഴല്ലൂർ - കെ ആർ രതീഷ്, കെ സുഷിൻ (വാച്ച്മാൻമാർ).

2. കേരള ഗ്രാമീൺ ബാങ്ക് - സുജല പി വി, ജാക്സൺ ജേക്കബ് (തസ്തിക ചേർത്തിട്ടില്ല).

3. കീഴല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് - എ ചന്ദ്രൻ (തസ്തിക ചേർത്തിട്ടില്ല).

4. കിറ്റ്കോ ലിമിറ്റഡ്, എയർപോർട്ട് ബ്രാഞ്ച് - ജിൻസൺ പി ജെ, അജയ് ജോസ് (തസ്തിക ചേർത്തിട്ടില്ല).

5. കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, ചാലോട് - വിനോദ്കുമാർ ഇ വി (തസ്തിക ചേർത്തിട്ടില്ല), പ്രസാദ് സത്യവ്രതൻ (കാഷ്യർ), ബിജു ഉച്ചുമ്മൽ (മസ്ദൂർ), മുരുകേഷ് എ വി (തസ്തിക ചേർത്തിട്ടില്ല), സനിൽകുമാർ എ (സബ് എഞ്ചിനീയർ), ഷിബു എൻ (ഓവർ സിയർ), ബിനീഷ് സി (ലൈൻമാൻ).

6. കാഫ്സ് കിയാൽ കാസിനോ എയർ കാറ്ററേഴ്സ് അപ്ലൈഡ് സർവ്വീസ് - രണ്ട് അർദ്ധവർഷങ്ങളിലും ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽനികുതി രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ആകെ 104 ജീവനക്കാരുടെ പേര് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ചില ജീവനക്കാരുടെ പേര് മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ഒടുക്കിയ നികുതിയോ നികുതി ഒഴിവാണെങ്കിൽ അതിന്റെ വിവരങ്ങളോ ചേർത്തിട്ടില്ല.

3. മിക്ക സ്ഥാപനങ്ങളുടെയും റിട്ടേണിലും രജിസ്റ്ററിലും ജീവനക്കാരുടെ പേരും നികുതിയും മാത്രമാണ് രേഖപ്പെടുത്തുന്നത് (പ്രധാനമായും എയർപോർട്ടുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ). അർദ്ധവാർഷിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കാത്ത ഈ റിട്ടേണുകളിൽ പരമാവധി തൊഴിൽനികുതി ഒടുക്കുന്നവരുടേതൊഴികെയുള്ളവരുടെ നികുതി കണക്കാക്കിയത് എങ്ങനെയാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

4. ബി.വി.ജി ഇന്ത്യ ലിമിറ്റഡ് - ഒന്നാം അർദ്ധവർഷം 257 ജീവനക്കാരിൽ നിന്നും ₹1,58,360 തൊഴിൽനികുതിയിനത്തിൽ ഈടാക്കിയിട്ടുണ്ട് (രശീതി നമ്പർ 500030/20, തീയതി 23-10-2020). എന്നാൽ രണ്ടാം അർദ്ധവർഷം ഇത്രയും ജീവനക്കാരിൽ നിന്നും തൊഴിൽനികുതിയും സ്ഥാപനനികുതിയും ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5. കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേര് വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസ്സസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ ചട്ടം-5 ലെ മാതൃകയിൽ സൂക്ഷിക്കുന്നില്ല.

6. എല്ലാ അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കാൻ നോട്ടീസ് നല്കുന്ന സമയങ്ങളിൽ ഓരോ വാർഡിലെയും മേല്പറഞ്ഞ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നതിനെപ്പറ്റിയും അതതു വാർഡിന്റെ ചുമതലയുള്ള അന്വേഷണ ഉദ്യോഗസ്ഥരിൽ നിന്നും ബന്ധപ്പെട്ട സെക്ഷൻ അന്വേഷണ റിപ്പോർട്ട് വാങ്ങിക്കാറുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരങ്ങൾ പരിശോ ധനയ്ക്ക് ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

7. ഓരോ വർഷവും പിരിച്ചെടുക്കാൻ ബാക്കിയായ തൊഴിൽനികുതി ഈടാക്കുന്നതിലേക്കായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽനികുതി റിട്ടേണുകളിൽ ജീവനക്കാരുടെ തസ്തികയും വരുമാനവിവരവും രേഖപ്പെടുത്തിയിട്ടില്ല. പരമാവധി നികുതി ഒടുക്കുന്ന ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയത് എങ്ങനെയാണെന്ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/20-21 തീ.20.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. മുഴുവൻ ജീവനക്കാരും വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് എന്നുറപ്പു വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്. മറ്റ് അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-12 വാടക കുടിശ്ശിക – കുടിശ്ശിക ഈടാക്കി മുറി പുനർലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ ₹94,800 തൻവർഷവും ₹ 2,26,442 മുൻവർഷങ്ങളിലും കുടിശ്ശികയുണ്ട്. വാടക കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വാടകക്കാരന്റെ പേര്, റൂം നമ്പർ | വർഷം | പ്രതിമാസ വാടക | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ പി പ്രഭാകരൻ, കോറോത്ത് പുരയിൽ, കണ്ടംകുന്ന്, നീർവേലി പിഒ, നിർമ്മലഗിരി. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, റൂം നമ്പർ VI 301 | 2017-18 | 7166 | 85992 | 35830 | 50162 |
| | 2018-19 | 7166 | 85992 | - | 85992 |
| | 2019-20 | 7524 | 90288 | - | 90288 |
| | 2020-21 | 7900 | 94800 | - | 94800 |
| ആകെ | | | 357072 | 35830 | 321242 |

1. ജി.എസ്. ടി., പിഴപ്പലിശ എന്നിവയടക്കം നാലുലക്ഷത്തിലധികം രൂപ വരുന്ന വാടക കുടിശ്ശിക ഇതിനോടകം ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഇല്ലെങ്കിൽ കുടിശ്ശിക ഈടാക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( 10/20-21, 23-10-2021) കുടിശ്ശിക ഈടാക്കുന്നതിന് കേസ് നടന്നുവ രികയാണ് (കേസ് നമ്പർ CS NO.02/2018) എന്നാണ് മറുപടി നല്കിയിട്ടുള്ളത്. 2018-19 വർഷം പ്രതിമാസ വാടകയിൽ 5% വാർഷിക വർദ്ധനവ് വരുത്താതെ ഡിമാന്റ് തയ്യാറാക്കിയതിനാലും ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓരോ വർഷവും വാടക ഒടുക്കാതെ കുടിശ്ശികയാകുന്ന തുകയ്ക്ക് ഡിമാന്റ് നോട്ടീസ് നല്കുകയും മട്ടന്നൂർ ജെഎഫ് സിഎം കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയുമാണ് ചെയ്യുന്നത്. നാലുവർഷമായി വാടക ഒടുക്കാതെ തുടരുന്ന ശ്രീ. കെ പി പ്രഭാകരൻ എന്നവരിൽ നിന്നും കെട്ടിടമുറി തിരിച്ചെടുത്ത് പുനർലേലം നടത്തുന്നതിന് വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കേസ് നടക്കുന്നതിനാൽ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല എന്നാണ് ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. കെട്ടിട വാടക ഈടാക്കുന്നതിനായി തയ്യാറാക്കിയ ബൈലാ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ (പഞ്ചായത്ത് തയ്യാറാക്കിയ ബൈലാ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പരിശോധനയ്ക്ക് കരട് ബൈലായുടെ പകർപ്പും ലഭ്യമാക്കിയിട്ടില്ല) വാടക ഒടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന കൈവശക്കാരനിൽ നിന്നും കെട്ടിടമുറി തിരിച്ചെടുത്ത് പുനർലേലം നടത്താൻ ബൈലായിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ശ്രീ. കെ പി പ്രഭാകരൻ എന്ന വ്യക്തിയുമായി 2017-18 വർഷം ഉണ്ടാക്കിയ വാടകക്കരാറിൽ വ്യവസ്ഥകൾ പൂർണ്ണമായി എഴുതിച്ചേർത്തിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട കേസ് അനിശ്ചിതമായി തുടരുന്ന സാഹചര്യത്തിൽ കേസ് കൈകാര്യം ചെയ്യുന്ന വക്കീലിനോട് നിയമസഹായം തേടി നടപടികൾ ഊർജ്ജിതമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടകയുമായി ബന്ധപ്പെട്ട കരട് ബൈലായുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും വാടക കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

2.പ്രസിഡണ്ട്, കീഴല്ലൂർ കർഷക സംഘം (കാർഷിക വിപണന കേന്ദ്രം, ചാലോട്, റൂം നമ്പർ KLP I / 239), ശ്രീ. സതീഷ് പൊലപ്പാടി (അജൈവ മാലിന്യ സംസ്കരണ കേന്ദ്രം, റൂം നമ്പർ KLP VI 302) എന്നിവരുമായി 2020-21 വർഷം ഗ്രാമ പഞ്ചായത്ത് ഉണ്ടാക്കിയ വാടക കരാർ പരിശോ ധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൈവശക്കാരുമായി ഗ്രാമ പഞ്ചായത്ത് കരാർ ഉടമ്പടി ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 ഗുണഭോക്തൃ വിഹിതം പിരിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥർക്കും രശീതി ബുക്കുകൾ നല്കുന്നു.

താഴെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർക്ക് 2019-20, 2020-21വർഷങ്ങളിൽ രശീതി പുസ്തകങ്ങൾ നല്കിയിട്ടുണ്ട്. ഇവർ ഉപയോഗിച്ച രശീതുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | രശീതി ബുക്ക് നമ്പർ | ബുക്ക് കൈപ്പറ്റിയ തീയതി | ഉപയോഗിച്ച രശീതികളുടെ എണ്ണം |
|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 25128 | 03-10-2019 | 5 |
| 2 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25127 | 09-10-2019 | 2 |
| 3 | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 25130<br>63845 | 16-10-2019<br>13-11-2020 | 4<br>3 |
| 4 | ഹെഡ് മാസ്റ്റർ | 25131<br>63863 | 16-10-2019<br>16-02-2021 | 4<br>3 |

| | | | | |
|---|---|---|---|---|
| 5 | ഐസിഡിഎസ് സൂപ്പർവൈസർ | 63864 | 20-02-2021 | 3 |

മേല്പറഞ്ഞ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വർഷത്തിൽ ആകെ ഒന്നോ രണ്ടോ വാങ്ങലുകൾ മാത്രമേ നടത്തുന്നുള്ളൂ. ഗുണഭോക്തൃ വിഹിതം പിരിക്കേണ്ട ആവശ്യമില്ലാത്ത ഇവർക്ക് ടെണ്ടർ ഫോറം വിലയും ഇ എംഡി യും ഈടാക്കാൻ വേണ്ടി മാത്രമാണ് രശീത് ബുക്ക് നൽകിയിട്ടുള്ളത്. ഇതിനായി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും രണ്ടോ മൂന്നോ രശീത് മാത്രമേ ഉപയോഗിക്കുന്നുള്ളൂ. സാമ്പത്തിക വർഷം അവസാനിക്കു മ്പോൾ ഉപയോഗിക്കാൻ ബാക്കിയുള്ള രശീത് മുഴുവൻ ക്യാൻസൽ ചെയ്യുകയും ചെയ്യുന്നു. കേവലം ഒന്നോ രണ്ടോ രശീതിനു വേണ്ടി ഒരു ബുക്ക് മുഴുവൻ പാഴാക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ടെണ്ടർ ഫോറം വിലയും ഇ എംഡി യും ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ അടക്കാവുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങൾ അവലംബിച്ച് ഭാവിയിൽ രശീതി ബുക്കുകൾ പാഴാക്കുന്നത് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ഇതുവരെയും ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്റ്റ് നമ്പർ / പേര് | 51/21 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹2,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് തുക | ₹200,000 ബിൽ നമ്പർ : 1/20-21/24-11-2020 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം ₹2,00,000 ആലപ്പുഴയിലെ കേരള സംസ്ഥാന ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രശീതിയോ മരുന്ന് ലഭ്യമായതിന്റെ വിവരമോ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 4-10-2021 ലെ 1/20-21നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ലെന്നുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് യഥാസമയം ലഭ്യമാക്കാത്തത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയുടെയും മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |
| പ്രോജക്റ്റ് നമ്പർ / പേര് | 67/21 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹6,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് തുക | ₹3,00,000 ബിൽ നമ്പർ : 2/20-21/3-11-2020 |
| | ₹3,00,000 ബിൽ നമ്പർ : 3/20-21/3-11-2020 |
| ആകെ | ₹6,00,000 |

ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് മേൽ പ്രോജക്റ്റ് പ്രകാരം ₹3,00,000 ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻ) കേരള ലിമിറ്റഡിനും ₹3,00,000 പാട്യം സോഷ്യൽസർവ്വീസ് സൊസൈറ്റിക്കും നൽകിയിട്ടുണ്ട്. പാട്യം സോഷ്യൽസർവ്വീസ് സൊസൈറ്റി ₹3,00,000-യുടെ മരുന്ന് ആയുർവേദ ഡിസ്പെൻസറിക്ക് നൽകിയിട്ടുണ്ട്. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻ) കേരള ലിമിറ്റഡുമായി 5-11-2020-ന് കരാറിലേർപ്പെട്ടിട്ടുണ്ട്. ₹3,00,000ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഇന്ത്യൻ മെഡിസിൻ) കേരള ലിമിറ്റഡിന് നൽകിയെങ്കിലും 5-11-2020 ന് ₹2,94,326 കൈപ്പറ്റിയതിന്റെ രശീതിയും താഴെപ്പറയും പ്രകാരമുള്ള ₹293826 യുടെ മരുന്നുകൾ വാങ്ങിയതിന്റെ വിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ/തീയ്യതി | ലഭ്യമാക്കിയ മരുന്നിന്റെ വില ₹ |
|---|---|---|
| 1 | 90173717/30-7-2020 | 11510 |
| 2 | 90167809/30-6-2020 | 9450 |

| | | |
|---|---|---|
| 3 | 90188139/20-11-2020 | 17099 |
| 4 | 90190529/30-11-2020 | 101200 |
| 5 | 90192008/22-12-2020 | 14165 |
| 6 | 90193324/30-12-2020 | 16585 |
| 7 | 90193822/31-12-2020 | 15082 |
| 8 | 90197191/30-1-2021 | 18560 |
| 9 | 90199423/20-2-2021 | 24580 |
| 10 | 90203176/19-3-2021 | 8584 |
| 11 | 90204557/27-3-2021 | 17978 |
| 12 | 90204726/27-3-2021 | 20637 |
| 13 | 90221222/24-8-2021 | 18396 |
| | ആകെ | 293826 |

ഇത് സംബന്ധിച്ച് നൽകിയ 18-10-2021 ലെ 2/20-21നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ജി.എസ്.ടി യുടെ ബിൽ പ്രത്യേകമായി തയ്യാറാക്കിയതു കൊണ്ടാണ് ₹2,94,326കൈപ്പറ്റിയതിന്റെ വിവരം മാത്രം ലഭ്യമായതെന്നും ബാക്കിയുള്ള തുകയുടെ മരുന്ന് ലഭ്യമായാൽ വിവരം അറിയിക്കുമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. മുഴുവൻ തുകയുടെയും മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 എസ്എസ്എ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ -രേഖകൾ ഹാജരാക്കിയിട്ടില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റ് നം & പേര് | അടങ്കൽ | ചെലവ് | ബിൽ നം./തിയതി |
|---|---|---|---|---|
| സെക്രട്ടറി കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് | 56/21 എസ്എസ്എ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ | ₹ 1356558 (വികസന ഫണ്ട് ) | ₹ 1356558 | 20220252007000224600 /03-06-2020 |

